# Exam : LDC, Year : 2011, District: KASARGOD



1. സമ്മതിദായകരുടെ ദേശീയ ദിനം എന്നാണ് ?
   (A) ജനുവരി 25 (B) മാർച്ച് 15 (C) മെയ് 12 (D) ജൂൺ 5

2. സൗത്ത് കരോളൈനയുടെ ഗവർണ്ണറായി സ്ഥാനമേറ്റ ഇന്ത്യൻ വംശജ ?
   (A) റീന ഹാലി (B) അലൻ അരീന (C) നിക്കി ഹാലി (D) മീര ശങ്കർ

3. റഡാറിൽ ദൃശ്യമാകാത്തവിധത്തിലുള്ള ചൈനയുടെ യുദ്ധവിമാനം ?
   (A) ജെ:20 (B) എ:18 (C) കെ:28 (D) ബി:17

4. ഇന്ത്യയിലെ പരമോന്നത ബഹുമതിയായ 'ഭാരത രത്നം' 2011 -ൽ ആർക്കാണ് ലഭിച്ചത് ?
   (A) സച്ചിൻ തെണ്ടുൽക്കർ (B) ആർക്കുമില്ല
   (C) അഭിനവ് ബിന്ദ്ര (D) ഒ.എൻ.വി.കുറുപ്പ്

5. ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ ഇപ്പോഴത്തെ സ്ഥിരം പ്രതിനിധി.
   (A) ശശി തരൂർ (B) V.K. നമ്പ്യാർ (C) കമലേശ് ശർമ്മ (D) ഹർദീപ് പുരി

6. മുപ്പത്തിനാലാം ദേശീയ ഗെയിംസിന് ദീപം തെളിയിച്ചതാര് ?
   (A) M.S. ധോണി (B) ടിന്റു ലൂക്ക
   (C) ദീപിക കുമാരി (D) മൻമോഹൻ സിംഗ്

7. സമ്പത്തിനെപ്പറ്റിയുള്ള പഠനശാഖ ഏത് പേരിൽ അറിയപ്പെടുന്നു ?
   (A) കലോളജി (B) അഫ്നോളജി (C) എംമോളജി (D) ജെലോറ്റോളജി

8. സൗദി അറേബ്യയിലേക്ക് പാലായനം ചെയ്ത ടുണീഷ്യൻ പ്രസിഡന്റ് ?
   (A) ബൻ അലി (B) ഫുവാദ് മെബാസ്
   (C) ഹോസ്നി മുബാറക് (D) ഗനൗച്ചി



| More notes @ Arivintejalakam.in | Free video classes @ Arivinte Jalakam [YouTube Channel] |

9. ലോകകപ്പ് ഫുട്ബോൾ മത്സരത്തിന് 2014 -ൽ ആതിഥ്യം വഹിക്കുന്ന രാജ്യം.
(A) കെനിയ (B) ചിലി (C) ഹോളണ്ട് (D) ബ്രസീൽ

10. ജൈവകൃഷിയുടെ ഉപജ്ഞാതാവ്.
(A) ഫുക്കുവോക്ക (B) M.S. സ്വാമിനാഥൻ
(C) ആൽബർട്ട് ഹോവാർഡ് (D) അലക്സാണ്ടർ നേവു

11. 'ഹോർത്തുസ് - മലബാറിക്കസ് '- എന്ന ഗ്രന്ഥം ഏത് രാജ്യക്കാരുടെ സംഭാവനയാണ് ?
(A) ഫ്രഞ്ചുകാർ (B) ഡച്ചുകാർ
(C) ബ്രിട്ടീഷുകാർ (D) പോർച്ചുഗീസ്

12. 'മാർഗ്ഗദർശിയായ ഇംഗ്ലീഷുകാരൻ' എന്നു വിശേഷിപ്പിക്കുന്നതാര് ?
(A) കീലിംഗ് (B) ചാൾസ് മീഡ്
(C) മാസ്റ്റർ റാൽഫിച്ച് (D) അലക്സാണ്ടർ

13. വാസ്ഗോഡ-ഗാമ മൂന്നാം തവണ കേരളത്തിൽ വന്നത് ഏത് വർഷം ?
(A) 1524 (B) 1538 (C) 1528 (D) 1534

14. ചട്ടമ്പിസ്വാമികളുടെ കുട്ടിക്കാലത്തെ പേര് ?
(A) മാധവൻ (B) രാമൻപിള്ള (C) ഈശ്വരസ്വാമി (D) കുഞ്ഞൻപിള്ള

15. 'സ്വദേശാഭിമാനി' പത്രം ആരുടെ ഉടമസ്ഥതയിലുള്ളതായിരുന്നു ?
(A) കെ. രാമകൃഷ്ണപിള്ള (B) വക്കം അബ്ദുൾഖാദർ മൗലവി
(C) പട്ടം താണുപിള്ള (D) പി. കൃഷ്ണപിള്ള

16. റോമൻ ദേവതയായ വീനസിന്റെ പേരിൽ അറിയപ്പെടുന്ന ഗ്രഹം.
(A) ഭൂമി (B) ചൊവ്വ (C) വ്യാഴം (D) ശുക്രൻ

17. മനുഷ്യന്റെ നട്ടെല്ലിലെ കശേരുക്കളുടെ എണ്ണം.
(A) 38 (B) 18 (C) 33 (D) 23

18. അരിയുടെ തവിടിൽ അടങ്ങിയിരിക്കുന്ന വിറ്റാമിൻ.
(A) വിറ്റാമിൻ - B (B) വിറ്റാമിൻ - K (C) വിറ്റാമിൻ -C (D) വിറ്റാമിൻ-E

19. ഇന്ത്യ സ്വന്തമായി നിർമ്മിച്ച ലഘുഭാര പോർവിമാനം ?
(A) മിഗ്- 21 (B) തേജസ് (C) മിറാഷ് (D) പരം

20. 'ചൈനീസ് പൊട്ടാറ്റോ' എന്നറിയപ്പെടുന്ന കാർഷിക വിള.
(A) തക്കാളി (B) കാബേജ് (C) ബീറ്റ്റൂട്ട് (D) കൂർക്ക

21. ഇന്ത്യയിൽ നിന്ന് ഏത് വിദേശ പട്ടണത്തിലേക്കാണ് ആദ്യമായി I.S.D. ഫോൺ ലഭ്യമായത് ?
(A) ന്യൂയോർക്ക് (B) ലണ്ടൻ (C) പാരീസ് (D) മോസ്കോ

22. എയ്ഡ്സ് വൈറസ് (HIV) കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ.
(A) അലൻ ഫ്ലോറി (B) ഐസക് അസിമോവ്
(C) ലൂക്ക് മോണ്ടേഗ്നിയർ (D) ഡേവിഡ് ഡെക്കാർ

23. 'ഞള്ളാനി' ഏത് വിളയുമായി ബന്ധപ്പെട്ടിരിക്കുന്നു.
(A) ഏലം (B) കുരുമുളക് (C) നെല്ല് (D) വാഴ

24. വല്ലാർപാടം ടെർമിനലിന്റെ നടത്തിപ്പ് ചുമതല ആരാണ് നിർവ്വഹിക്കുന്നത് ?
(A) ഇന്ത്യൻ നേവി (B) ദുബൈ പോർട്ട് വേൾഡ്
(C) കൊച്ചിൻ പോർട്ട് ട്രസ്റ്റ് (D) ഇന്ത്യാ ഗവൺമെന്റ്

25. അന്താരാഷ്ട്ര വനവർഷമായി ആചരിക്കുന്നത് ?
(A) 2010 (B) 2009 (C) 2012 (D) 2011

26. ബ്രഹ്മപുത്രാനദി അരുണാചൽപ്രദേശിൽ പ്രവേശിക്കുമ്പോൾ ഏത് പേരിൽ അറിയപ്പെടുന്നു.
(A) ലുഹിത് (B) ഭാഗീരഥി (C) ഗോമതി (D) ഡിഹാങ്



| More notes @ Arivintejalakam.in | Free video classes @ Arivinte Jalakam [YouTube Channel] |

27. നാഗാർജ്ജുന സാഗർ അണക്കട്ട് ഏത് നദിയിലാണ് നിർമ്മിച്ചിരിക്കുന്നത് ?

(A) കോസി (B) ഗോദാവരി (C) കൃഷ്ണ (D) സത്‌ലജ്

28. ഇന്ത്യയിൽ അഭ്ര ഖനനത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനം.

(A) ബീഹാർ (B) കേരളം (C) ഗുജറാത്ത് (D) കർണ്ണാടകം

29. ഇന്ത്യയിൽ ആധുനിക ഉരുക്ക് വ്യവസായത്തിന് തുടക്കം കുറിച്ചുകൊണ്ട് 1870 -ൽ സ്ഥാപിതമായ ഉരുക്കുവ്യവസായ ശാല എവിടെ സ്ഥിതിചെയ്യുന്നു.

(A) ബൊക്കാറോ (B) കുൾട്ടി (C) കോതഗുണ്ഡ് (D) ദുർഗ്ഗാപൂർ

30. 'ദൂരദർശൻ' പ്രവർത്തനമാരംഭിച്ചത് എന്നാണ് ?

(A) 1956 നവംബർ: 11 (B) 1960 ഡിസംബർ: 14

(C) 1966 ജനുവരി: 11 (D) 1959 സെപ്തംബർ: 15

31. ഏത് സാമ്രാജ്യത്തിന്റെ തലസ്ഥാനമാണ് മുഹമ്മദ്ബിൻ തുഗ്ളക് ഡൽഹിയിൽ നിന്നും ദേവഗിരിയിലേക്ക് മാറ്റിയത് ?

(A) ഡക്കാൺ (B) ഘസ്ന (C) സൽത്തനത്ത് (D) ഹോയ്സാല

32. വിജയനഗരം സ്ഥാപിച്ചത് ആരെല്ലാം ചേർന്നാണ് ?

(A) ഹരിഹരൻ – ദേവരായൻ (B) ഹരിഹരൻ – ബുക്കൻ

(C) ബുക്കൻ – ശിവരായൻ (D) ഹരിഹരൻ – ശവാൻ

33. ശിവജിയുടെ ആത്മഗുരു ?

(A) തുളസീദാസ് (B) സൂർദാസ് (C) കബീർദാസ് (D) രാംദാസ്

34. ഭഗത്സിംഗിന്റെ കൂടെ തൂക്കിലേറ്റപ്പെട്ട മറ്റു രണ്ടു കൂട്ടാളികൾ ?

(A) സുഖ്ദേവ് – രാജ്ഗുരു (B) സൂര്യദേവ് – രാജ്ഗുരു

(C) അനന്തചാർലു – സുഖദേവ് (D) മംഗൽ പാണ്ഡെ – ബാനർജി



35. ജാലിയൻ - വാലാബാഗ് ഇന്ത്യയിലെ ഏത് സംസ്ഥാനത്ത് സ്ഥിതിചെയ്യുന്നു ?

(A) മദ്ധ്യപ്രദേശ് (B) ഉത്തർപ്രദേശ് (C) പഞ്ചാബ് (D) മഹാരാഷ്ട്ര

36. 'വിദേശകാര്യങ്ങൾ ആഭ്യന്തരകാര്യങ്ങളെ പിന്തുടരും' എന്ന് പ്രസ്ഥാപിച്ചതാരാണ് ?

(A) ഗാന്ധിജി (B) നെഹ്റു

(C) അംബേദ്കർ (D) സുബാഷ് ചന്ദ്രബോസ്

37. ആദ്യത്തെ 'ചേരിചേരാ' സമ്മേളനം എവിടെവച്ച് നടന്നു ?

(A) ബന്ദൂങ് (B) ഡൽഹി (C) കെയ്റോ (D) ബെൽഗ്രേഡ്

38. 1857-ലെ 'ഒന്നാം സ്വാതന്ത്ര്യസമര' കാലഘട്ടത്തിൽ ഇന്ത്യയിലെ ഗവർണ്ണർ ജനറൽ ആരായിരുന്നു?

(A) ഇർവിൻ (B) കാനിംഗ് (C) വെല്ലസ്ലി (D) ഡൽഹൗസി

39. ബാജിറാവു രണ്ടാമന്റെ ദത്തുപുത്രൻ ആരായിരുന്നു ?

(A) നാനാസാഹിബ് (B) താന്തിയാ തോപ്പി

(C) കൻവാർസിംഗ് (D) ഭക്തഖാൻ

40. ഗോവിന്ദറാവു ഫുലെ സ്ഥാപിച്ച സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനം.

(A) ആര്യസമാജം (B) പ്രാർത്ഥനാസമാജം

(C) സത്യശോധക് സമാജ് (D) ശുദ്ധിപ്രസ്ഥാനം

41. ആരാണ് ഇന്ത്യയുടെ സമഗ്രവികസനത്തിനായി 'ജനകീയ പദ്ധതി' [People's plan] തയ്യാറാക്കിയത് ?

(A) വിശ്വേശരയ്യ (B) M.N. റോയി (C) നെഹ്റു (D) മഹലനോബിസ്

42. 'അന്ത്യോദയ' ആദ്യം നടപ്പിലാക്കിയ ഇന്ത്യൻ സംസ്ഥാനം.

(A) കേരളം (B) മഹാരാഷ്ട്ര (C) സിക്കിം (D) രാജസ്ഥാൻ



| More notes @ Arivintejalakam.in | Free video classes @ Arivinte Jalakam [YouTube Channel] |

43. ഇന്ത്യൻ ഭരണഘടനയുടെ വകുപ്പ് 371 (A) ഏത് സംസ്ഥാനത്തെപ്പറ്റി പറയുന്നു .

(A) ജമ്മു-കാശ്മീർ (B) ഗോവ (C) മണിപ്പൂർ (D) നാഗാലാന്റ്

44. മൗലിക ചുമതലകളെപ്പറ്റി ഇന്ത്യൻ ഭരണഘടനയുടെ ഏത് ഭാഗത്തിലാണ് പറയുന്നത് ?

(A) ഭാഗം IV A (B) ഭാഗം IV B (C) ഭാഗം III (D) ഭാഗം II B

45. ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ ആരംഭത്തിൽ ഇന്ത്യയുടെ ജനസംഖ്യയിൽ 35.97% ആളുകൾ ദാരിദ്രരേഖയ്ക്ക് താഴെയാണെന്ന് കണ്ടെത്തിയ കമ്മറ്റി ഏതാണ് ?

(A) സർക്കാരിയ (B) മുഖർജി (C) ലക്കഡെവാല (D) രാജ ചെല്ലയ്യ.

46. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം U.N.O. യുടെ ഏതു ഘടകത്തിനാണ് ?

(A) ജനറൽ അസംബ്ലി

(B) സാമ്പത്തിക-സാമൂഹിക സമിതി

(C) അന്താരാഷ്ട്ര നീതിന്യായ കോടതി

(D) രക്ഷാ സമിതി

47. ആംനെസ്റ്റി ഇന്റർനാഷണലിന്റെ ആസ്ഥാനം ?

(A) ന്യൂയോർക്ക് (B) ജനീവ (C) ലണ്ടൻ (D) ഹേഗ്

48. ഇന്ത്യയിൽ 'സ്ത്രീ ശാക്തീകരണം' മുഖ്യ ഇനമാക്കിയ പഞ്ചവത്സര പദ്ധതിയേത് ?

(A) മൂന്ന് (B) ഒമ്പത് (C) എട്ട് (D) പത്ത്

49. കേരളത്തിലെ മുഖ്യ വിവരാവകാശ കമ്മീഷണർ ?

(A) സിബി മാത്യൂസ് (B) K. നടരാജൻ

(C) ജസ്റ്റീസ് K.G. ബാലകൃഷ്ണൻ (D) നളിനി നെറ്റോ

50. ചൂഷണത്തിന് എതിരെ ഇന്ത്യൻ ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന വകുപ്പുകൾ ഏതെല്ലാം ?

(A) വകുപ്പ് 22, 23 (B) വകുപ്പ് 23, 24 (C) വകുപ്പ് 24, 25 (D) വകുപ്പ് 19, 20



51. The word 'adjourn' means.

(A) postpone (B) arrange (C) collect (D) add

52. Find out the word with opposite meaning of 'arrogant' :

(A) flexible (B) proud (C) polite (D) humble

53. Colt is the young one of a

(A) cat (B) horse (C) tiger (D) goat

*Add proper tag question :*

54. No one will come here, ________ ?

(A) will they ? (B) won't they ? (C) will he ? (D) will anyone ?

*Fill in the blanks using correct word or expression :*

55. One of my colleagues ________ attended the seminar

(A) is (B) are (C) has (D) have

56. She ________ singing when I entered the room

(A) is (B) will be (C) has been (D) was

57. He has decided to ________ his visit to Chennai.

(A) put aside (B) put forward (C) put back (D) put off

58. I ________ English since 1995.

(A) am studying (B) was studying

(C) have been studying (D) were studying

59. Prasanth is taller than ________.

(A) me (B) my (C) I (D) mine

60. Prevention is better than ________.

(A) care (B) cure (C) share (D) prayer



| More notes @ Arivintejalakam.in | Free video classes @ Arivinte Jalakam [YouTube Channel] |

61. Mother Theresa ________ 1910.

(A) born in (B) was born in (C) is born in (D) born on

62. She met him ________ year ago.

(A) the (B) an (C) a (D) some

63. He was too worried ________.

(A) so that he cannot sleep (B) to sleep

(C) that he slept (D) not to sleep

64. Choose the phrasal verb which means 'demand' :

(A) call for (B) call off (C) call at (D) call up

65. Find out the wrongly spelt word :

(A) forbidden (B) magnittude (C) crystalline (D) attribute

66. A person who works when his fellow workers are on strike :

(A) black leg (B) black amoor (C) black guard (D) black out

*Fill in the blanks using correct preposition :*

67. The stranger knocked ________ the door.

(A) at (B) in (C) on (D) over

*From the given set of sentences choose the one which is 'Incorrect'.*

68. (A) He usually drinks tea

(B) Here comes the train !

(C) He has been ill since yesterday

(D) Are these boys playing in the garden everyday ?

69. (A) Asoka was one of the greatest kings

(B) Asoka was greater than many other kings

(C) Very few kings were so great as Asoka

(D) No other kings were great than Asoka



70. (A) My spectacles are on the table

(B) The students as well as their teacher are responsible

(C) My neighbour with all his children have returned

(D) Politics is his favourite subject

71. "നന്ദു കുടിച്ച ചായ തണുത്തതാണ് ". ഇതിൽ അടിവരയിട്ട പദം ഏത് വിഭാഗത്തിൽ പ്പെടുന്നു?

(A) വിനയെച്ചം (B) പേരച്ചം (C) മുറ്റുവിന (D) നാമം

72. വിപരീതപദം എഴുതുക. 'ശീഘ്രം'.

(A) വേഗം (B) ദുഃഖം (C) മന്ദം (D) ശല്യം

73. 'വിണ്ടലം' ഏത് സന്ധിക്ക് ഉദാഹരണമാണ് ?

(A) ആഗമം (B) ലോപം (C) ആദേശം (D) ദ്വിത്വം

74. ശരിയല്ലാത്ത പ്രയോഗം ഏത് ?

(A) എന്റെ മകൾ ഇന്നലെ ക്ലാസ്സിൽ ഹാജരാവാതിരുന്നത് പനിയായതുകൊണ്ടാണ്.

(B) എന്റെ മകൾ ഇന്നലെ ക്ലാസ്സിൽ ഹാജരാവാതിരുന്നതിന് കാരണം പനിയായതുകൊണ്ടാണ്.

(C) എന്റെ മകൾ ഇന്നലെ ക്ലാസ്സിൽ ഹാജരാവാതിരുന്നതിന് കാരണം പനിയായതാണ്.

(D) എന്റെ മകൾ പനികാരണം ഇന്നലെ ക്ലാസ്സിൽ ഹാജരായില്ല.

75. തദ്ധിതത്തിൽപ്പെടുന്നതേത് ?.

(A) മണ്ടത്തം (B) ഇരിയ്ക്കുക (C) കുടിച്ച (D) കണ്ടു

76. കുഞ്ഞേനാച്ചൻ എന്ന കഥാപാത്രം ഏത് കൃതിയിൽ ഉള്ളതാണ് ?.

(A) നാലുകെട്ട് (B) പാത്തുമ്മയുടെ ആട്

(C) മഞ്ഞ് (D) അരനാഴികനേരം



| More notes @ Arivintejalakam.in | Free video classes @ Arivinte Jalakam [YouTube Channel] |

77. പി.സി. കുട്ടികൃഷ്ണന്റെ തൂലികാനാമം ഏത് ?

(A) മാലി (B) ഉറൂബ് (C) അയ്യനേത് (D) കോവിലൻ

78. 2010-ലെ ജ്ഞാനപീഠ പുരസ്കാരം ലഭിച്ച എഴുത്തുകാരൻ .

(A) എം.ടി. വാസുദേവൻ നായർ (B) അരുന്ധതി റോയ്

(C) ഒ.എൻ.വി. കുറുപ്പ് (D) ഒ.വി. വിജയൻ

79. "All that glitters is not gold". സമാനമായ പഴഞ്ചൊല്ലേത് ?

(A) മൗനം സ്വർണ്ണമാണ്. (B) മിന്നുന്നതെല്ലാം പൊന്നല്ല.

(C) അരി എറിഞ്ഞാൽ ആയിരം കാക്ക (D) മിന്നുന്നതെല്ലാം പൊന്നാണ്

80. Put off എന്നാൽ

(A) ഇല്ലാതാക്കുക (B) നീട്ടി വെയ്ക്കുക (C) പോയിപ്പറയുക (D) മുറിച്ചുമാറ്റുക.

81. $\frac{0.256}{1.6}$ നു സമാനമായത് ഏത് ?

(A) $\frac{2.56}{16}$ (B) $\frac{25.6}{16}$ (C) $\frac{256}{16}$ (D) $\frac{256}{160}$

82. $(2x)^3$ നു തുല്യമായത് ഏത് ?

(A) $2x^3$ (B) $6x^3$ (C) $8x^2$ (D) $8x^3$

83. ഒരു സമചതുരത്തിന്റെ ഓരോവശത്തിന്റെയും നീളം ഇരട്ടിച്ചാൽ വിസ്തീർണ്ണം എത്ര മടങ്ങാകും ?

(A) 2 (B) $\frac{1}{2}$ (C) 4 (D) $\frac{1}{4}$

84. ഒരു സൈക്കിൾ ചക്രം 10 പ്രാവശ്യം കറങ്ങുമ്പോൾ 32 മീറ്റർ ദൂരം സഞ്ചരിക്കും. എങ്കിൽ 4 കി.മീ. ദൂരം സഞ്ചരിക്കാൻ എത്ര തവണ കറങ്ങേണ്ടി വരും ?

(A) 1200 (B) 1250 (C) 125 (D) 400



85. 5, $x$, −7 ഇവ ഒരു സമാന്തര ശ്രേണിയുടെ തുടർച്ചയായ 3 പദങ്ങളായാൽ $x$ എത്ര ?

(A) 1 (B) 2 (C) −1 (D) −2

86. ഒരു ഗോളത്തിന്റെ ഉപരിതല വിസ്തീർണ്ണം $144\pi$ cm² ആയാൽ അതിന്റെ ആരം എത്ര ?

(A) 6 (B) 12 (C) 36 (D) 8

87. ഒരു തുകയ്ക്ക് 2 വർഷത്തെ സാധാരണ പലിശ 100 രൂപയും കൂട്ടുപലിശ 105 രൂപയുമായാൽ പലിശനിരക്ക് എത്ര ശതമാനം ?

(A) 20 (B) 12 (C) 15 (D) 10

88. 10 മിനിറ്റു കൊണ്ട് രാജൻ 50 വാക്കും ജോണി 40 വാക്കും ടൈപ്പു ചെയ്യും. രണ്ടു പേർക്കും കൂടി 360 വാക്കുകൾ ടൈപ്പു ചെയ്യാൻ എത്ര സമയം വേണം ?

(A) 50 (B) 40 (C) 45 (D) 90

89. ഒരു ബോക്സ് 85 രൂപയ്ക്ക് വിറ്റപ്പോൾ 10 രൂപ നഷ്ടം വന്നു. 10 രൂപാ ലാഭം കിട്ടണമെങ്കിൽ എത്ര രൂപയ്ക്ക് വിൽക്കണം ?

(A) 95 (B) 100 (C) 105 (D) 110

90. $33\frac{1}{3}$ന്റെ 66 ശതമാനം എത്ര ?

(A) 20 (B) 66 (C) 24 (D) 22

91. പൂരിപ്പിക്കുക.

13, 169, 31, ______.

(A) 621 (B) 961 (C) 403 (D) 333

92. AT എന്നത് 20 എന്നും BAT എന്നത് 40 എന്നും കോഡു ചെയ്താൽ CAT എന്നത് എങ്ങനെ കോഡു ചെയ്യും ?

(A) 30 (B) 50 (C) 60 (D) 70



| More notes @ Arivintejalakam.in | Free video classes @ Arivinte Jalakam [YouTube Channel] |

93. രക്തം : ഹൃദയം : : വായു : ______.

(A) ശ്വസനം (B) നിശ്വാസം (C) മൂക്ക് (D) ശ്വാസകോശം

94. ലഘൂകരിക്കുക. $\frac{112 \times 119 \times 126}{343 \times 272 \times 9}$

(A) 2 (B) 4 (C) $\frac{1}{15}$ (D) $\frac{1}{9}$

95. സെപ്തംബർ 29 ഒരു വ്യാഴാഴ്ച ആയാൽ അ വർഷത്തെ ഗാന്ധി ജയന്തി ഏതു ദിവസം ?

(A) തിങ്കൾ (B) ഞായർ (C) ചൊവ്വാ (D) വെള്ളി

96. ഒരു ക്ലോക്കിലെ മണിക്കൂർ സൂചി ഒരു ദിവസം തിരിയുന്ന ഡിഗ്രി അളവ് എത്ര ?

(A) 360° (B) 180° (C) 120° (D) 720°

97. 4+5=1524, 5+6=2435 ആയാൽ 6+7 എത്ര ?

(A) 3649 (B) 3549 (C) 3548 (D) 3750

98. 26 – {5 + [12 – (12 – 3)]} + 7 എത്ര ?

(A) 25 (B) 15 (C) 18 (D) 10

99. $\frac{40 \times 0.04 \times 0.04}{0.4 \times 0.4 \times 0.4}$ എത്ര ?

(A) 10 (B) 0.1 (C) 0.001 (D) 1

100. A, B യുടെ സഹോദരിയാണ്. B, C യുടെ സഹോദരനാണ്. C, D യുടെ പുത്രൻ ആണ്. എങ്കിൽ D, A യോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു ?

(A) പുത്രൻ (B) അമ്മ (C) പുത്രി (D) അമ്മാവൻ

-ooo-



SPACE FOR ROUGH WORK



| More notes @ Arivintejalakam.in | Free video classes @ Arivinte Jalakam [YouTube Channel] |

For Notes & Solved Question Papers Visit :
Arivintejalakam.in

For Free Kerala PSC Video Classes Vist :
Arivinte Jalakam [Youtube Channel]

Arivintejalakam.in